**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2748** **12-07-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ പട്ടയം ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കാനുണ്ടെന്ന് അറിയിക്കാമോ; | (എ) | ആലത്തൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി വിഭാഗക്കാർക്ക് പട്ടയം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് തീർപ്പാക്കാനുള്ള അപേക്ഷകൾ ഒന്നും നിലവിൽ ശേഷിക്കുന്നില്ല.<br>പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ലഭിച്ച അപേക്ഷകളിൽ 39 എണ്ണം തീർപ്പാക്കാനുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 28 പേർക്കും പട്ടികജാതിയിൽപ്പെട്ട 8 പേർക്കും മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടയം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ